KSIDC
Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel: +91-471-2318922, Fax: +91-471-2315893, Email: ksidc@vsnl.com, www.ksidc.org
CIN: U45309KL1961SGC001937

# <u>പത്രക്കുറിപ്പ്</u>

**11-04-2023**
**ചൊവ്വ**

**ചേർത്തല പള്ളിപ്പുറത്തെ മെഗാ ഫുഡ് പാർക്ക് നാടിന് സമർപ്പിച്ചു**

**സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി ശക്തിപ്പെടുത്തും**
**-മുഖ്യമന്ത്രി പിണറായി വിജയൻ**

ആലപ്പുഴ: ചേർത്തല പള്ളിപ്പുറത്ത് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ യാഥാർത്ഥ്യമാക്കിയ മെഗാ ഫുഡ് പാർക്ക് മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര ഭക്ഷ്യ-സംസ്ക്കരണ വ്യവസായ വകുപ്പ് മന്ത്രി പശുപതി കുമാർ പരസും സംയുക്തമായി ഉദ്ഘാടനം ചെയ്തു. കേന്ദ്ര ഭക്ഷ്യ-സംസ്ക്കരണ വ്യവസായ വകുപ്പ് മന്ത്രി പശുപതി കുമാർ പരസ് ഓൺലൈനായാണ് ഉദ്ഘാടനം നിർവഹിച്ചത്. കേരളത്തിന്റെ വളരെ പ്രധാനപ്പെട്ട മേഖലയായ സമുദ്രോത്പന്ന കയറ്റുമതി ശക്തിപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭക്ഷ്യോത്പാദന മേഖലയെ പ്രാഥമിക ഉത്പന്നങ്ങളിലേക്കു ചുരുക്കാതെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റി, മേഖലയിൽ പുരോഗതി കൈവരിക്കുകയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമെന്നും മെഗാ ഫുഡ് പാർക്ക് ഭക്ഷ്യോത്പന്ന സംസ്ക്കരണ മേഖലയിലും കയറ്റുമതി രംഗത്തും കേരളത്തിന്റെ മുന്നേറ്റത്തിനു കരുത്തു പകരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഫുഡ് പാർക്ക് പൂർണമായും പ്രവർത്തന സജ്ജമാകുന്നതോടെ ആയിരം കോടിയിലധികം രൂപയുടെ നിക്ഷേപവും മൂവായിരത്തോളം തൊഴിലവസരങ്ങളും ഉറപ്പാകും. രാജ്യത്തിന്റെ മൊത്തം സമുദ്രോത്പന്ന കയറ്റുമതിയിൽ കേരളത്തിന്റെ

സംഭാവന 14 ശതമാനത്തോളമാണ്. മത്സ്യബന്ധനത്തിൽ മുന്നിൽ നിൽക്കുന്ന നോർവേ പോലുള്ള രാജ്യങ്ങളുടെ മാതൃകയിലുള്ള മത്സ്യബന്ധന രീതി ശാസ്ത്രീയമായി രൂപപ്പെടുത്താനുള്ള പ്രവർത്തനം ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. കയറ്റുമതി ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധനാ ലബോറട്ടറികൾ സംസ്ഥാനത്ത് നാല് വിമാനത്താവളങ്ങളിലും ഒരുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളത്തിന്റെ ഭക്ഷ്യോത്പന്ന സംസ്കരണമേഖലയിൽ വലിയ ചുവടുവെപ്പാണ് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിലുള്ള മെഗാ ഫുഡ് പാർക്കെന്ന് കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ വകുപ്പ് മന്ത്രി പശുപത്രി കുമാർ പരസ് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു.

ചേർത്തല പള്ളിപ്പുറത്ത് നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് അധ്യക്ഷത വഹിച്ചു. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് മന്ത്രി പി. പ്രസാദ് മുഖ്യാതിഥിയായി. എ.എം. ആരിഫ് എം.പി മുഖ്യപ്രഭാഷണം നടത്തി. ദലീമ ജോജോ എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി, വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ എസ്. ഹരികിഷോർ, ജില്ലാ കലക്ടർ ഹരിത വി. കുമാർ, തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.എം. പ്രമോദ്, പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.എസ്. സുധീഷ്, കിൻഫ്ര മാനേജിങ് ഡയറക്ടർ സന്തോഷ് കോശി തോമസ്, ജില്ലാ പഞ്ചായത്ത് അംഗം പി.എസ്. ഷാജി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അംഗം ജയശ്രീ ബിജു, പള്ളിപ്പുറം പഞ്ചായത്ത് അംഗം നൈസി ബെന്നി തുടങ്ങിയവർ പങ്കെടുത്തു.

കേരളത്തിൽ ഏറ്റവും സാധ്യതയുള്ള ഒരു മേഖലയാണ് ഭക്ഷ്യസംസ്കരണ രംഗമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. കഴിഞ്ഞ സാമ്പത്തികവർഷം നടപ്പാക്കിയ ഒരു വർഷം ഒരു ലക്ഷം സംരംഭം പദ്ധതിയിലൂടെ ഭക്ഷ്യസംസ്ക്കരണ മേഖലയിൽ 23,474 സംരംഭങ്ങളാണ് ആരംഭിച്ചത്. ഇതുവഴി 1342.72 കോടി രൂപയുടെ നിക്ഷേപവും 58,397 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.

കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സഹായത്തോടെ സ്ഥാപിച്ച മെഗാഫുഡ് പാർക്കിന്റെ പദ്ധതി അടങ്കൽ തുക 128.49 കോടി രൂപയാണ്. ചേർത്തല പള്ളിപ്പുറത്തെ കെ.എസ്.ഐ.ഡി.സിയുടെ വ്യവസായ കേന്ദ്രത്തിൽ 84.05 ഏക്കറിൽ 128.49 കോടി രൂപ ചെലവഴിച്ചാണ് മെഗാഫുഡ് പാർക്ക് സ്ഥാപിച്ചത്.

(ഫോട്ടോ സഹിതം)